പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5170 — 28.10.2016-ലെ മറുപടിക്ക്

## നഷ്ടത്തിലായ കെ.എസ്.ആർ.ടി.സി.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.സി. ജോർജ് | ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | നിലവിൽ കെ. എസ്. ആർ. റ്റി. സി. നഷ്ടത്തിലോണാ പ്രവർത്തിക്കുന്നത്; | (എ) | നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. |
| (ബി) | കെ. എസ്. ആർ. റ്റി. സി. തൊഴിലാളികൾക്ക് മാസ വേതനം മുടങ്ങുന്നത് പരിഗണിച്ച് ഇവരെ കഷ്ടത്തിലാക്കാതെ രക്ഷിക്കാൻ എന്തൊക്കെ പുതിയ സംവിധാനങ്ങൾ ചെയ്യുവാൻ പോകുന്നു എന്ന് വിശദമാക്കുമോ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കെ.എസ്.ആർ.ടി.സി.യെ നവീകരിച്ച് പ്രവർത്തനം മെച്ചപ്പെടുന്നതിന് ഒട്ടേറെ പദ്ധതികൾ ആവിഷ്ക്കരിച്ച് വരികയാണ്. വരുമാനക്കുറവുള്ള സർവ്വീസുകൾ പുനഃക്രമീകരിച്ച് വരുമാനം വർദ്ധിപ്പിക്കുന്നതിനും നിലവിലുള്ള ഡ്യൂട്ടി പാറ്റേൺ സിസ്റ്റം പരിഷ്ക്കരിച്ച് മാൻ പവർ യൂട്ടിലൈസേഷൻ കൂട്ടുന്നതിനുള്ള നടപടികൾ നടന്നു വരികയാണ്. തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിലേക്കുള്ള അന്തർ സംസ്ഥാന സർവ്വീസുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിലേക്കായി പുതിയ അന്തർ സംസ്ഥാന കരാറുകളിൽ എത്തിച്ചേരുന്നതിനുള്ള നടപടികളും നടന്നുവരികയാണ്. അന്തർ സംസ്ഥാന സർവ്വീസുകളിലേക്ക് കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിലേക്കായി തിരക്കില്ലാത്ത ദിവസങ്ങളിൽ യഥാർത്ഥ നിരക്കിൽ നിന്നും 15 ശതമാനം ഇളവ് ഇപ്പോൾ അനുവദിച്ച് വരുന്നുണ്ട്. അതോടൊപ്പം റെയിൽവേ മാതൃകയിൽ തൽക്കാൽ സംവിധാനവും കഴിഞ്ഞ ഓണക്കാലം മുതൽ കെ.എസ്. ആർ.ടി.സി ഏർപ്പെടുത്തി കഴിഞ്ഞിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | യാത്രക്കാർക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കി യാത്രക്കാരെ ആകർഷിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി ബസുകളിൽ ജി.പി.എസ്. / വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം (VTS) നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. യാത്രക്കാർക്ക് ഇന്റർനെറ്റ് ഉപയോഗിക്കുന്നതിന് വേണ്ടി വൈഫൈ സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ എറണാകുളം - ബാംഗ്ലൂർ സർവ്വീസ് നടത്തുന്ന രണ്ട് മൾട്ടി ആക്സിൽ വോൾവോ ബസുകളിലും, കെ.യു.ആർ.ടി.സിയുടെ രണ്ട് ലോ ഫ്ളോർ എ.സി. വോൾവോ ബസുകളിലും ഘടിപ്പിക്കുകയുണ്ടായി. ടി സംവിധാനം മറ്റ് പ്രധാന സൂപ്പർക്ലാസ് സർവ്വീസുകളിലും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. ടിക്കറ്റേതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി വാണിജ്യ സാധ്യതയുള്ള തെരഞ്ഞെടുത്ത ബസ് സ്റ്റേഷനുകളിൽ ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിക്കുന്നതിന് ഉദ്ദേശിക്കുന്നു. ഇത്തരത്തിൽ സ്വരൂപിക്കുന്ന വരുമാനം കൊണ്ട് തൊഴിലാളികളുടെ മാസവേതനം മുടങ്ങുന്നതുൾപ്പെടെയുള്ള പ്രതിസന്ധി പരിഹരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ